**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1381** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം റീജിയണൽ ഓഫീസിലെ ഒഴിവുള്ള തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം റീജിയണൽ ഓഫിസിൽ മതിയായ ജീവനക്കാരുടെ അഭാവം മൂലം ഓഫീസ് പ്രവർത്തങ്ങൾ അവതാളത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഹയർ സെക്കണ്ടറി മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫിസിൽ മതിയായ ജീവനക്കാരുടെ അഭാവം മൂലം ഓഫീസ് പ്രവർത്തങ്ങൾ അവതാളത്തിലായിട്ടില്ല. ഹയർ സെക്കണ്ടറി മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആയി നിയമനം ലഭിച്ച ശ്രീ.വേണുഗോപാൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം 02.03.2022 മുതൽ എൽ.പി.ആർ-ൽ പ്രവേശിച്ചതിനാൽ ഓഫിസ് പ്രവർത്തങ്ങളിൽ ചില കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടു. ആയത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | റീജിയണൽ ഓഫീസിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ ; | (ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | അധ്യാപകരുടെ പെൻഷൻ, പി എഫ് , ഇൻഷുറൻസുകൾ, ഗ്രാറ്റുവിറ്റി തുടങ്ങിയവയിൽ മാസങ്ങളായി നടപടിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഒഴിവുകൾ നികത്തുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തസ്തിക | നിലവിലുള്ള ജീവനക്കാരുടെ എണ്ണം | ഒഴിവ് |
|---|---|---|
| റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ | 1 | 1 |
| അക്കൗണ്ട്സ് ഓഫീസർ | 1 | 0 |
| ജൂനിയർ സൂപ്രണ്ട് | 1 | 0 |
| ക്ലർക്ക് | 10 | 0 |
| ടൈപ്പിസ്റ്റ് | 2 | 0 |
| ഓഫീസ് അറ്റൻഡന്റ് | 1 | 0 |

V Sivek

സെക്ഷൻ ഓഫീസർ